കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭരണഘടന
# (മുപ്പത്തിമൂന്നാം ഭേദഗതി)
# ആക്റ്റ്, 1974

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

വില:

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഭരണഘടന
# (മുപ്പത്തിമൂന്നാം ഭേദഗതി)
# ആക്റ്റ്, 1974

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

3/336/MC.

# ഭരണഘടന (മുപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 1974

ഇൻഡ്യയുടെ ഭരണഘടന കൂടുതലായി ഭേദഗതി ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തഞ്ചാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ഈ ആക്റ്റിന്, ഭരണഘടന (മുപ്പത്തിമൂന്നാം ഭേദഗതി) ആക്റ്റ്, 1974 എന്ന് പേർ പറയാവുന്നതാണ്. ചുരുക്കപ്പേര്.

2. ഭരണഘടനയിലെ 101-ാം അനുച്ഛേദത്തിൽ, (3)-ാം ഖണ്ഡത്തിൽ,— 101-ാം അനുച്ഛേദത്തിന്റെ ഭേദഗതി.

(1) (ഖ) ഉപഖണ്ഡത്തിനു പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

"(ഖ) അതാതുസംഗതിപോലെ, അദ്ധ്യക്ഷനേയോ സ്പീക്കറേയോ സംബോധനം ചെയ്തു സ്വഹസ്താക്ഷരത്തിൽ എഴുതി അയച്ച്, തന്റെ സ്ഥാനം രാജിവയ്ക്കുകയും അയാളുടെ രാജി, അതാതുസംഗതിപോലെ, അദ്ധ്യക്ഷനാലോ സ്പീക്കറാലോ സ്വീകരിക്കപ്പെടുകയും ചെയ്യുകയോ;"

(2) ഒടുവിലായി താഴെ പറയുന്ന പരിമിതി വ്യവസ്ഥ ചേർക്കേണ്ടതാകുന്നു, അതായത്:—

"എന്നാൽ, (ഖ) ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും രാജിയുടെ സംഗതിയിൽ, കിട്ടിയ വിവരത്തിൽനിന്നും അല്ലെങ്കിൽ മററുവിധത്തിലും, യുക്തമെന്നുതോന്നുന്ന അന്വേഷണ വിചാരണ ചെയ്തതിനുശേഷവും, അതാതു സംഗതിപോലെ, അദ്ധ്യക്ഷനോ സ്പീക്കർക്കോ, അങ്ങനെയുള്ള രാജി സ്വേച്ഛയാ ഉള്ളതോ യഥാർത്ഥമായതോ അല്ലെന്നു ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അദ്ദേഹം അങ്ങനെയുള്ള രാജി സ്വീകരിക്കാൻ പാടുള്ളതല്ല.

190-ാം അനുച്ഛേദത്തിന്റെ ഭേദഗതി.

(3) ഭരണഘടനയിലെ 190-ാം അനുച്ഛേദത്തിൽ, (3)-ാം ഖണ്ഡത്തിൽ,—

(1) (ഖ) ഉപഖണ്ഡത്തിനുപകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാകുന്നു, അതായത്:—

"(ഖ) അതാതുസംഗതിപോലെ, സ്പീക്കറേയോ അദ്ധ്യക്ഷനേയോ സംബോധനം ചെയ്തു സ്വഹസ്താക്ഷരത്തിൽ എഴുതി അയച്ച്, തന്റെ സ്ഥാനം രാജിവയ്ക്കുകയും, അയാളുടെ രാജി, അതാതു സംഗതിപോലെ, സ്പീക്കറാലോ അദ്ധ്യക്ഷനാലോ സ്വീകരിക്കപ്പെടുകയും ചെയ്യുകയോ;"

(2) ഒടുവിലായി താഴെ പറയുന്ന പരിമിതി വ്യവസ്ഥ ചേർക്കേണ്ടതാകുന്നു, അതായത്:—

"എന്നാൽ (ഖ) ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും രാജിയുടെ സംഗതിയിൽ, അതാതു സംഗതിപോലെ, കിട്ടിയ വിവരത്തിൽനിന്നും അല്ലെങ്കിൽ മററു വിധത്തിലും, യുക്തമെന്നു തോന്നുന്ന അന്വേഷണവിചാരണ ചെയ്തതിനു ശേഷവും, സ്പീക്കർക്കോ അദ്ധ്യക്ഷനോ അങ്ങനെയുള്ള രാജി സ്വേച്ഛയാ ഉള്ളതോ യാഥാർത്ഥമായതോ അല്ലെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അദ്ദേഹം അങ്ങനെയുള്ള ആ രാജി സ്വീകരിക്കാൻ പാടുള്ളതല്ല.